പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ **883** **10.06.2019** ൽ മറുപടിയ്ക്ക്

വനം കൈയ്യേറ്റക്കാരെ ഒഴിപ്പിക്കണമെന്ന കോടതി വിധി

| ചോദ്യം<br>ശ്രീ.അനിൽ അക്കര | | മറുപടി<br>അഡ്വ. .കെ.രാജു<br>(ബഹു. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | വനം കയ്യേറ്റക്കാരെ ഒഴിപ്പിക്കണമെന്ന 4.9.2015 ലെ ഹൈക്കോടതി വിധി നടപ്പാക്കുന്നതിന് സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ; | (എ) | പൂർണമായും ഒഴിപ്പിക്കുന്നതിനു സാധിച്ചിട്ടില്ല. കേരള ലാൻറ് കൺസർവൻസി ആക്ട്, 1957, കേരള ഫോറസ്റ്റ് ആക്ട് 1961 എന്നിവ പ്രകാരം കയ്യേറ്റക്കാർക്ക് നോട്ടീസ് നൽകി കയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും ടി പ്രവൃത്തി കോടതിവിധി കൈപ്പറ്റിയ തീയതി മുതൽ 6 മാസത്തിനകം ആരംഭിച്ച് അടുത്ത 6 മാസത്തിനകം പൂർത്തീകരിക്കുന്നതിനും 04.09.2015 ൽ ബഹു ഹൈക്കോടതി ഉത്തരവായിട്ടുണ്ട്. ആയത് പ്രകാരമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. വിധി നടപ്പിലാക്കുന്നതിനായി അധികസമയം ആവശ്യപ്പെട്ടുകൊണ്ടും, 1961 ലെ കേരള വന നിയമപ്രകാരം കയ്യേറ്റം ഒഴിപ്പിക്കുന്നതിന് നോട്ടീസ് നൽകേണ്ടതില്ലാത്തതിനാൽ അക്കാര്യത്തിൽ വ്യക്തത ആവശ്യപ്പെട്ടും സർക്കാർ ഈ കേസിൽ പെറ്റീഷൻ ഫയൽ ചെയ്തിരുന്നു. അധിക സമയം ആവശ്യപ്പെട്ടുകൊണ്ട് ഫയൽ ചെയ്ത ഐ.എ.1248/16, ഐ.എ.1250/16 എന്നീ അപേക്ഷകൾ ആവശ്യപ്പെട്ട കാലയളവ് അധികരിച്ച സാഹചര്യത്തിൽ ഹൈക്കോടതി തീർപ്പാക്കിയിട്ടുള്ളതായി അറിയാൻ സാധിച്ചിട്ടുണ്ട്. അതോടൊപ്പം വ്യക്തത ആവശ്യപ്പെട്ടുകൊണ്ട് സമർപ്പിച്ച ഐ.എ.1249/16, ഐ.എ.1251/16 എന്നീ അപേക്ഷകൾ ഇതേവരെ തീർപ്പുകൽപ്പിച്ചിട്ടില്ലെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | വിധി നടപ്പിലാക്കുവാൻ സർക്കാർ ഹൈക്കോടതിയോട് കൂടുതൽ സമയം ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്ത് കാരണത്താലാണ് കൂടുതൽ സമയം ആവശ്യപ്പെട്ടത് എന്നറിയിക്കാമോ; | (ബി) | വിധി നടപ്പിലാക്കുവാൻ ഹൈക്കോടതിയോട് കൂടുതൽ സമയം ആവശ്യപ്പെട്ടിട്ടുണ്ട്. ബഹു. ഹൈക്കോടതി വിധി പ്രകാരം കയ്യേറ്റം ഒഴിപ്പിക്കുന്നതിന് നോട്ടീസ് നൽകുന്നതിനും കയ്യേറ്റം ഒഴിപ്പിക്കൽ നടപടികൾ പൂർത്തിയാക്കി ബഹു. ഹൈക്കോടതി മുമ്പാകെ റിപ്പോർട്ട് സമർപ്പിക്കുന്നതിന് അധിക സമയം ആവശ്യമായതിനാലും നോട്ടീസ് നൽകുന്ന കാര്യത്തിൽ വ്യക്തത ആവശ്യമായതിനാലും ആണ് സർക്കാർ ഹൈക്കോടതിയോട് കൂടുതൽ സമയം ആവശ്യപ്പെട്ടത്. നോട്ടീസ് നൽകുന്ന കാര്യത്തിൽ വ്യക്തത ആവശ്യപ്പെട്ടുകൊണ്ട് സർക്കാർ സമർപ്പിച്ച ഐ.എ. 1249/16, ഐ.എ.1251/16 എന്നീ അപേക്ഷകളിൽ ഉത്തരവ് ആയിട്ടില്ല. |
| (സി) | സംസ്ഥാനത്ത് 01/01/2018നു ശേഷം ഏതെങ്കിലും മേഖലകളിൽ വനം കയ്യേറിയതായി കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ ഒഴിപ്പിക്കുവാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; | (സി) | 01.01.2019 ലെ എസ്.എൽ.എം.സി മീറ്റിംഗിലെ കണക്കുകൾ പ്രകാരം സംസ്ഥാനത്ത് 05.03.2018 നു ശേഷം മണ്ണാർക്കാട് ഡിവിഷനിൽ 04.45 ഹെക്ടർ വനഭൂമിയും മൂന്നാറിൽ ഒരു ഏക്കർ വനഭൂമിയും, കോതമംഗലം ഡിവിഷനിൽ 2.50 ഏക്കർ വനഭൂമിയും കയ്യേറിയിട്ടുണ്ട്. ടി കയ്യേറ്റങ്ങൾ യഥാസമയം കണ്ടെത്തി ഒഴിപ്പിച്ച് സ്ഥലം സർക്കാർ കസ്റ്റഡിയിൽ എടുത്ത് കേസ് രജിസ്റ്റർ ചെയ്ത് തുടർ നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | 1.1.1977 ന് ശേഷം എത്ര ഹെക്ടർ വനഭൂമി കയ്യേറിയിട്ടുണ്ടെന്നും ഏതൊക്കെ മേഖലകളിലാണ് കയ്യേറ്റം നടന്നതെന്നും വ്യക്തമാക്കുമോ; | (ഡി) | വനം വകുപ്പ് 2015-16 സാമ്പത്തികവർഷം വരെ നടത്തിയ കണക്കെടുപ്പനുസരിച്ച് 19276.5181ഏക്കർ (7801.10 ഹെക്ടർ) വനഭൂമി കയ്യേറിയെന്നാണ് കണ്ടെത്തിയിട്ടുള്ളത്. ജില്ലതിരിച്ചുള്ള വിശദവിവരം അനുബന്ധമായി ചേർക്കുന്നു. ഹൈക്കോടതി ഉത്തരവനുസരിച്ച് നാളിതുവരെ 280.4566 ഏക്കർ ഭൂമിതിരിച്ചു പിടിച്ചു. |

| | | | |
|---|---|---|---|
| (ഇ) | വനഭൂമി കയ്യേറിയവരുടെ സംഘടിത ചെറുത്ത് നില്പും ഭരണകക്ഷിയിൽപ്പെട്ട പ്രാദേശിക രാഷ്ട്രീയകക്ഷികളുടെ ഇടപെടലും കയ്യേറ്റ ഭൂമി തിരിച്ച് പിടിക്കുവാൻ വിഘാതം സൃഷ്ടിക്കുന്നതായ ആരോപണത്തിന്റെ നിജസ്ഥിതി വ്യക്തമാക്കുമോ? | (ഇ) | വനഭൂമി കയ്യേറ്റക്കാരുടെ സംഘടിതമായ ചെറുത്തുനിൽപ്പും, വിവിധ സംഘടനകളുടെ നേതൃത്വത്തിലുള്ള പ്രക്ഷോഭ പരിപാടികളും, പ്രദേശിക രാഷ്ട്രീയവും മതപരവുമായ ഇടപെടലും, വിവിധ കോടതികളിൽ കയ്യേറ്റവുമായി ബന്ധപ്പെട്ട് തീർപ്പാക്കാതെ കിടക്കുന്ന കേസുകളും ഒക്കെത്തന്നെ കയ്യേറിയ വനഭൂമി തിരിച്ച് പിടിക്കുന്നതിന് വിഘാതമായി നിൽക്കുന്ന ഘടകങ്ങളാണ്. മേൽ സംഗതികൾ ഇപ്പോഴും നില നിൽക്കുന്നുണ്ട് |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ജില്ല | വനം സർക്കിൾ | വനം ഡിവിഷൻ | അനധികൃത വനം കയ്യേറ്റം (ഹെക്ടറിൽ) | (ഏക്കറിൽ) |
|---|---|---|---|---|
| തിരുവനന്തപുരം | സതേൺ സർക്കിൾ | തിരുവനന്തപുരം | 0 | 0 |
| പത്തനംതിട്ട | | കോന്നി | 10.59 | 26.16789 |
| | | റാന്നി | 1.13 | 2.79223 |
| കൊല്ലം | | തെന്മല | 7.24 | 17.89004 |
| | | **ആകെ** | **18.96** | **46.85016** |
| എറണാകുളം | ഹൈറേഞ്ച്സർക്കിൾ | കോതമംഗലം | 147.6 | 364.7196 |
| കോട്ടയം | | കോട്ടയം | 121.49 | 300.20179 |
| ഇടുക്കി | | മൂന്നാർ | 1099.65 | 2717.23515 |
| | | മറയൂർ | 0.03 | 0.07413 |
| | | മാങ്കുളം | 358.43 | 885.68053 |
| | | **ആകെ** | **1727.2** | **4267.9112** |
| തൃശ്ശൂർ | സെൻട്രൽ സർക്കിൾ | ചാലക്കുടി | 0 | 0 |
| | | തൃശ്ശൂർ | 147.04 | 363.33584 |
| എറണാകുളം | | മലയാറ്റൂർ | 129.29 | 319.47559 |
| | | **ആകെ** | **276.33** | **682.81143** |
| മലപ്പുറം | ഈസ്റ്റേൺ സർക്കിൾ | നിലമ്പൂർ നോർത്ത് | 682.53 | 1686.53163 |
| | | നിലമ്പൂർ സൗത്ത് | 2.11 | 5.21381 |

| | | | | |
|---|---|---|---|---|
| പാലക്കാട് | | പാലക്കാട് | 190.58 | 470.92318 |
| | | മണ്ണാർക്കാട് | 2700.34 | 6672.54014 |
| | | നെന്മാറ | 244.19 | 603.39349 |
| | | **ആകെ** | **3819.73** | **9438.55283** |
| കോഴിക്കോട് | നോർത്തേൺ സർക്കിൾ | കോഴിക്കോട് | 10.4 | 25.6984 |
| വയനാട് | | വയനാട്സൗത്ത് | 1369.29 | 3383.51559 |
| | | വയനാട് നോർത്ത് | 369.74 | 913.62754 |
| കണ്ണൂർ | | കണ്ണൂർ | 11.02 | 27.23042 |
| കാസർഗോഡ് | | കാസർഗോഡ് | 0 | 0 |
| | | **ആകെ** | **1760.45** | **4350.07195** |
| കോട്ടയം | ഫീൽഡ്ഡയറക്ടർ, കോട്ടയം | പെരിയാർഈസ്റ്റ് | 0.0061 | 0.0150731 |
| ഇടുക്കി | | ഇടുക്കി | 5.4 | 13.3434 |
| | | **ആകെ** | **5.4061** | **13.3584731** |
| തൃശ്ശൂർ | വൈൽഡ്ലൈഫ്സർക്കിൾ, പാലക്കാട് | പീച്ചി | 193.02 | 476.95242 |
| വയനാട് | | വയനാട് | 0 | 0 |
| കണ്ണൂർ | | ആറളം | 0 | 0 |
| | | **ആകെ** | **193.02** | **476.95242** |
| | **ആകെ** | | **7801.1** | **19276.5181** |

സെക്ഷൻ ഓഫീസർ